File No.FWLD-D2/492/2018-FWLD

പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2828

07.12.2018 ൽ മറുപടിയ്ക്ക്

ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ വരുത്തുന്ന നാശനഷ്ടം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.ബാബു<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കാരാട്ട് റസാഖ് | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങി ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതായ സംഭവങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരം ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയുന്നതിനായി എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് സർക്കാർ അവലംബിച്ചിട്ടുള്ളത്; | (ബി) | ജനവാസമേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വന്യജീവി ആക്രമണം രൂക്ഷമായ കാർഷിക മേഖലകളിൽ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് വന്യജീവികളെ നിരീക്ഷിക്കുന്നതിനും, അവയെ തിരികെ കാട്ടിലേക്ക് ഓടിച്ചു വിടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>2. കാട്ടാനക്കൂട്ടങ്ങളുടെ സഞ്ചാരപഥം നിരീക്ഷിക്കുന്നതിനും യഥാസമയം വിവരങ്ങൾ കൈമാറുന്നതിനും വനമേഖലയിലെ വയർലസ്സ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>3. ജനവാസമേഖലകളിൽ ഇറങ്ങി ജനങ്ങൾക്ക് ഭീഷണിയുണ്ടാക്കുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് കയറ്റി വിടുന്നതിനും, ആവശ്യമെങ്കിൽ പിടികൂടുന്നതിനും പരിശീലനം ലഭിച്ച കുങ്കിയാനകളുടെ സേവനം ഉപയോഗപ്പെടുത്തുന്നു. |

| | | | |
|---|---|---|---|
| | | | 4. വന്യമൃഗങ്ങൾ കാർഷികമേഖലയിലേക്ക് ഇറങ്ങുന്നത് സംബന്ധിച്ച് മുന്നറിയിപ്പ് കർഷകർക്ക് നൽകുന്നതിന് എസ്.എം.എസ് അലർട്ട് സംവിധാനം വയനാട്, മൂന്നാർ എന്നിവിടങ്ങളിൽ വിജയകരമായി നടപ്പിലാക്കി. ഈ സംവിധാനം മറ്റു സ്ഥലങ്ങളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>5. നാട്ടിലിറങ്ങി പ്രശ്നം ഉണ്ടാക്കുന്ന വന്യജീവികളെ മയക്കുവെടിവെച്ച് പിടിച്ച് ഉൾക്കാട്ടിൽ വിടുന്നതിനാവശ്യമായ ട്രാൻക്വലൈസേഷൻ ഗണ്ണുകൾ വാങ്ങിയിട്ടുണ്ട്. ഇതിനാവശ്യമായ പരിശീലനം നൽകി വരുന്നു.<br><br>6. ജനവാസ കേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന കുരങ്ങുകളെ പിടികൂടി വന്ധ്യംകരണം നടത്തി അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിലേക്ക് തിരികെ വിടുന്നുണ്ട്. |
| (സി) | ജനവാസ പ്രദേശങ്ങളിൽ കാട്ടാനകൾ പ്രവേശിക്കുന്നത് തടയുന്നതിന് കാടിന്റെ അതിർത്തികളിൽ കിടങ്ങുകൾ കുഴിക്കുന്ന രീതിയും വനത്തിനുള്ളിൽ മൃഗങ്ങൾ തീറ്റയ്ക്കായി ആശ്രയിക്കുന്ന പ്ലാവുൾപ്പെടെയുള്ള മരങ്ങൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയും എത്രമാത്രം ഫലപ്രദമാണെന്ന് അറിയിക്കുമോ; | (സി) | വനത്തിന്റെ അതിർത്തികളിൽ കിടങ്ങുകൾ കുഴിക്കുന്ന രീതി അവലംബിക്കുന്നതുകൊണ്ട് ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകൾ പ്രവേശിക്കുന്നത് ഒരു പരിധി വരെ തടയാൻ സാധിച്ചിട്ടുണ്ട്. വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണയോഗ്യമായ ഫലവൃക്ഷങ്ങൾ മാത്രം വച്ചുപിടിപ്പിക്കുന്നതിന് പ്രത്യേകമായി പദ്ധതി നടപ്പിലാക്കിയിട്ടില്ല. വനപ്രദേശങ്ങൾക്കനുയോജ്യമായ സസ്യജാലങ്ങൾ സ്വാഭാവികമായി തന്നെ കാടുകളിൽ ഉണ്ടാകുന്നുണ്ട്. അത്തരം സസ്യങ്ങൾക്ക് ഹാനികരമാകുന്ന പ്രവർത്തികൾ തടഞ്ഞ് സ്വാഭാവിക വനവല്കരണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, വനവത്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന തൈകളിൽ പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ഉൾപ്പെടുത്താറുണ്ട്. |
| (ഡി) | വന്യമൃഗങ്ങളെ ജനപഥങ്ങളിൽ നിന്ന് അകറ്റി നിർത്താൻ പൊതുജനങ്ങളുടെ സഹകരണത്തോടെയുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | 07.02.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നം.51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും, ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. വന്യമൃഗങ്ങളെ ജനപഥങ്ങളിൽ നിന്ന് അകറ്റി നിർത്താൻ പൊതുജനങ്ങളുടെ സഹകരണത്തോടെ പ്രസ്തുത സമിതി പ്രവർത്തിച്ചു വരുന്നു. ഇതിനോടകം സംസ്ഥാനത്ത് ഇത്തരത്തിലുള്ള 204 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ